# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഗവ.ലോ കോളേജുകളിൽ നിർത്തലാക്കിയ പൊളിറ്റിക്കൽ സയൻസ് വിഷയത്തിലെ അദ്ധ്യാപക തസ്തികകൾ ഷിഫ്റ്റ് ചെയ്തും/സ്ഥലം മാറ്റം നൽകിയും ഉത്തരവാകുന്നു.

---

**ഉത്തരവ് നമ്പർ-** A4/38458/12/കോ.വി.വ **തീയതി-** 22/05/2013

---

പരാമർശം - സർക്കാരിന്റെ 07/05/13 ലെ 45269/എഫ് 2/2012/ഉ.വി.വ നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട്, തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിലെ ഗവ.ലോ കോളേജുകളിൽ 2011-12 സാമ്പത്തിക വർഷം പാഠ്യപദ്ധതി പരിഷ്ക്കരിച്ചതിന്റെ ഭാഗമായി പൊളിറ്റിക്കൽ സയൻസ് വിഷയം പഠന വിഷയത്തിൽ നിന്നും ഒഴിവാക്കിയിരുന്നു. അത് പ്രകാരം ടി വിഷയത്തിൽ അദ്ധ്യാപക തസ്തികകൾ ആവശ്യമില്ലായെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ അറിയിച്ചിരുന്നു. പ്രസ്തുത വിഷയം ഈ ഓഫീസിൽ നിന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതിൻ പ്രകാരം പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ നിർത്തലാക്കിയ 3 അദ്ധ്യാപക തസ്തികകളിൽ ഒന്നുവീതം ഗവ.കോളേജ് മടപ്പള്ളി, ഗവ.കോളേജ് ചാലക്കുടി, ഗവ.കോളേജ്, കോട്ടയം എന്നീ കോളേജുകളിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പരാമർശത്തിലെ കത്തു മുഖേന സർക്കാർ നിർദ്ദേശിച്ചിരിയ്ക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1) പൊളിറ്റിക്കൽ സയൻസ് വിഷയത്തിലെ കോഴിക്കോട് ഗവ.ലോ കോളേജിലെ ഒരു അദ്ധ്യാപക തസ്തിക മടപ്പള്ളി ഗവ.കോളേജിലേക്കും, തൃശ്ശൂർ ഗവ.ലോ കോളേജിലെ ഒരു അദ്ധ്യാപക തസ്തിക ചാലക്കുടി ഗവ.കോളേജിലേക്കും എറണാകുളം ഗവ.ലോ കോളേജിലെ ഒരു അദ്ധ്യാപക തസ്തിക കോട്ടയം ഗവ.കോളേജിലേക്കും ഷിഫ്റ്റ് ചെയ്ത് ഉത്തരവാകുന്നു.

2) കോഴിക്കോട് ഗവ.കോളേജിലെ പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപകനായ ശ്രീ. അബ്ദുൾനാസർ.കെ യെ മടപ്പള്ളി ഗവ.കോളേജിലേക്ക് ഷിഫ്റ്റ് ചെയ്ത തസ്തികയിലും തൃശ്ശൂർ ഗവ.ലോ കോളേജിലെ അദ്ധ്യാപകനായ ശ്രീ.ആന്റണി ഡോസൺ ഡിസിൽവയെ ചാലക്കുടി ഗവ.കോളേജിലേക്ക് ഷിഫ്റ്റ് ചെയ്ത തസ്തികയിലും എറണാകുളം ഗവ.ലോ കോളേജിലെ അദ്ധ്യാപകനായ ശ്രീ.തോമസ് വർഗ്ഗീസ് പുളിക്കലിനെ കോട്ടയം ഗവ.കോളേജിലേക്ക് ഷിഫ്റ്റ് ചെയ്ത തസ്തികയിലും സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റപ്പെട്ട അദ്ധ്യാപകർ സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ടി അദ്ധ്യാപകർ ജോലിയിൽ നിന്നും വിടുതൽ ചെയ്തതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**ഒപ്പ്**
**കെ.അജയകുമാർ IAS**
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്-1) **പ്രിൻസിപ്പൽ, ഗവ.ലോ കോളേജ്, കോഴിക്കോട്/തൃശ്ശൂർ/എറണാകുളം**
2) **പ്രിൻസിപ്പൽ, ഗവ.കോളേജ്, മടപ്പള്ളി/ചാലക്കുടി/കോട്ടയം**
3) **ശ്രീ.അബ്ദുൾ നാസർ.കെ, ഗവ.ലോ കോളേജ്, കോഴിക്കോട്**
4) **ശ്രീ.ആന്റണി ഡോസൺ ഡിസിൽവ, ഗവ.ലോ കോളേജ്, തൃശ്ശൂർ**
5) **ശ്രീ.തോമസ് വർഗ്ഗീസ് പുളിക്കൽ, ഗവ.ലോ കോളേജ്, എറണാകളം**
6)**അക്കൗണ്ടന്റ് ജനറൽ, (A&E), കേരള, കോട്ടയം**
7)**കരുതൽ ഫയൽ/ഓഫീസ് പകർപ്പ്**

**//അംഗീകാരത്തോടെ//**

എസ്.എസ് –24/5/13

**സൂപ്രണ്ട്**